ഗർഭിണികളെ അഡ്മിറ്റ് ചെയ്യുന്നതിന് വളരെ നിയന്ത്രണങ്ങൾ വന്നിരിക്കുകയാണ്. അനസ്തറ്റിസ്റ്റ് ഇല്ലാത്തതിനാൽ അത്യാസന്ന നിലയിൽ വരുന്ന കേസുകൾപോലും സ്വകാര്യ ആശുപത്രിയിലേക്ക് അയയ്ക്കുകയാണ്. ഈയിടെ തലശ്ശേരിയിൽ നിന്നും ഒരു ഗൈനക്കോളജിസ്റ്റിനെ താല്ക്കാലികമായി നിയമിച്ചു. അദ്ദേഹമാണെങ്കിൽ ഉച്ചവരെ ജോലി നോക്കിയിട്ട് പോകുകയാണ്. ഇ.എൻ.ടി. വിഭാഗത്തിൽ രണ്ട് ഡോക്ടർമാരുണ്ട്. അത് അധികമാണ്. അതുപോലെ ഓർത്തോയിൽ രണ്ട് ഡോക്ടർമാരുണ്ട്. പക്ഷെ ഗൈനക്കോളജിസ്റ്റ് ഇല്ല. നാല് പോസ്റ്റുള്ളിടത്ത് ഒറ്റയാളെ ഉള്ളൂ. അതുകൊണ്ട് ഗർഭിണികൾ വളരെയധികം വിഷമിക്കുകയാണ്. അടിയന്തിരമായി കണ്ണൂർ ജില്ലാ ആശുപത്രിയിൽ കൂടുതൽ ഗൈനക്കോളജിസ്റ്റുകളെ നിയമിക്കാൻ വേണ്ട നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, കണ്ണൂർ ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ രണ്ട് ഡോക്ടർമാരും അനസ്തേഷ്യാ വിഭാഗത്തിൽ ഒരു ഡോക്ടറും ഇപ്പോൾ സേവനം അനുഷ്ഠിക്കുന്നുണ്ട്. ഇതിനു പുറമേ 10-1-2000-ലെ ഉത്തരവ് പ്രകാരം അനസ്തറ്റിസ്റ്റ് ആയ ഡോ. വി. കെ. വത്സലനെ ജില്ലാ ആശുപത്രിയിലേക്ക് മാറ്റി നിയമിച്ചുവെങ്കിലും അദ്ദേഹം കോടതിയിൽ നിന്നും സ്റ്റേ വാങ്ങിയിരിക്കുന്നതിനാൽ ആ ഉത്തരവ് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഇതിനിടെ ഇവിടെ ജോലി ചെയ്തിരുന്ന ഗൈനക്കോളജിസ്റ്റ് എഫ്.ആർ.യു. ട്രെയിനിംഗിന് പോകുകയുണ്ടായി. ഇതിന് പരിഹാരമായി ഡി.എം.ഒ. വർക്കിംഗ് അറേഞ്ചുമെന്റിൽ ഒരു ഗൈനക്കോളജിസ്റ്റിനെയും ഒരു അനസ്തറ്റിസ്റ്റിനേയും ജില്ലാ ആശുപത്രിയിൽ നിയമിച്ചിട്ടുണ്ട്.

(12) തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ ആക്ട് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. ബി. വിജയകുമാർ : സർ, കേരളത്തിലെ ആയുർവേദ ചികിത്സയേയും മരുന്നു നിർമ്മാണത്തേയും ബാധിക്കുന്ന നിയമപരമായ ചില ദൗർബല്യങ്ങളിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ ആക്ടാണ് നമുക്ക് ഇപ്പോഴും പ്രാബല്യത്തിലുള്ളത്. ഇത് കാലോചിതമായി പരിഷ്ക്കരിക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്തിട്ടില്ല. 1970-ൽ ഐ.എം.സി.സി. ആക്ട് നിലവിൽ വന്നു. കേരളം ഒഴിച്ചുള്ള മറ്റെല്ലാ സംസ്ഥാനങ്ങളും പ്രാക്ടീഷണർമാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ ആക്ടിനെയാണ് ഇന്നും നമ്മൾ ആശ്രയിക്കുന്നത്. കേരളത്തിലെ ആയുർവേദ ചികിത്സയും മരുന്നു നിർമ്മാണവും കച്ചവട താല്പര്യങ്ങളെ മാത്രമാണ് ലാക്കാക്കുന്നത്. ഈ അവസ്ഥയിൽ നിന്നും ആയുർവേദത്തെ രക്ഷിച്ചെടുക്കുന്നതിന് കാലോചിതമായ ഭേദഗതികളോടെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ ആക്ട് പരിഷ്ക്കരിക്കുന്നതിന് ആവശ്യമായ ബിൽ അടിയന്തിരമായി കൊണ്ടുവരണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, വിവിധ ചികിത്സാ രീതികൾ കൈകാര്യം ചെയ്യുന്ന ഡോക്ടർമാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ഒരു പൊതു നിയമം നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നിലവിലില്ല. തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമമാണ് ഇപ്പോഴും നിലവിലുള്ളത്. മലബാർ പ്രദേശത്ത് 1914-ലെ മദ്രാസ് മെഡിക്കൽ പ്രാക്ടീഷ്ണേഴ്സ് നിയമവും നിലനിൽക്കുന്നു. മേൽപ്പറഞ്ഞതിനു പുറമെ രജിസ്ട്രേഷന്റെ കാര്യത്തിൽ വ്യത്യസ്തമായ നിയമമാണ് ഓരോ ചികിത്സാ സമ്പ്രദായത്തിലുമുള്ളത്. അതിനാൽ സംസ്ഥാനത്ത് മൊത്തമായി എല്ലാ ചികിത്സാ സമ്പ്രദായങ്ങൾക്കും ബാധകമാകത്തക്കവണ്ണം ഒരു നിയമം ഉണ്ടാക്കുന്നതിനായി 'കേരള മെഡിക്കൽ പ്രാക്ടീഷ്ണേഴ്സ് ബിൽ' എന്ന പേരിൽ ഒരു കരട് ബിൽ തയ്യാറാക്കുകയുണ്ടായി. മന്ത്രിസഭയുടെ അംഗീകാരത്തിനു ശേഷം കരട് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനു മുൻപായി ഗവർണറുടെയും ഗവർണറുടെ ശുപാർശയ്ക്കു പുറമെ കേന്ദ്ര സർക്കാരിന്റെയും അനുമതിയും ആവശ്യമായതിനാൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചു കൊടുക്കുകയുണ്ടായി. എന്നാൽ കരട് ബില്ലിലെ ചില വ്യവസ്ഥകൾ കേന്ദ്ര ആക്ടിനു വിരുദ്ധമായതിനാൽ പുനഃപരിശോധിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാർ നിരാകരിക്കുകയുണ്ടായി. പ്രസ്തുത വ്യവസ്ഥകൾ നിയമ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുകയും ന്യൂനതകൾ പരിഹരിച്ച് വീണ്ടും കേന്ദ്രസർക്കാരിന് അയയ്ക്കാനുള്ള നടപടികൾ എടുത്തു വരികയാണ്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതിനുശേഷം പ്രസ്തുത ബിൽ പ്രാവർത്തികമാക്കുമ്പോൾ ഇതു സംബന്ധിച്ച് ആശങ്കകൾ ദൂരീകരിക്കപ്പെടുമെന്നും ഏകീകൃതമായ നിയമം നടപ്പിൽ വരുമെന്നും ഗവൺമെന്റ് കരുതുന്നു.

(13) കീരംപാറ പഞ്ചായത്തിലെ ക്രമക്കേടുകൾ

ശ്രീ. വി. ജെ. പൗലോസ് : സർ, എന്റെ നിയോജകമണ്ഡലമായ കോതമംഗലത്തെ കീരംപാറ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനത്തിൽ നടന്നിട്ടുള്ള ഗുരുതരമായ അഴിമതിയെ സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളിൽ ഗവൺമെന്റിന്റെ അനാവശ്യമായ കൈകടത്തൽമൂലമുണ്ടായ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമ്മുടെ സംസ്ഥാന നിയമസഭ പാസ്സാക്കിയ പഞ്ചായത്ത് രാജ് നിയമമനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള വർദ്ധിച്ച അധികാരങ്ങൾ കൈകാര്യം ചെയ്യുന്ന സന്ദർഭത്തിൽ ഉണ്ടായിട്ടുള്ള ഏകാധിപത്യ പ്രവണത, ജനാധിപത്യ ധ്വംസനം, അഴിമതി, സ്വജന പക്ഷപാതം ആദിയായവ നിത്യ സംഭവങ്ങളായി മാറിക്കൊണ്ടിരിക്കുമ്പോൾ തീർച്ചയായും ഒരു പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള സംഭവങ്ങളെ സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ആരെങ്കിലും മുന്നോട്ടുവന്നാൽ അത് നിഷ്പക്ഷവും നീതിപൂർവവുമായി നടത്തിക്കൊടുക്കേണ്ട കാര്യത്തിൽ സർക്കാർ ആത്മാർത്ഥത കാണിക്കേണ്ടത് മറ്റു പല പഞ്ചായത്തുകൾക്കും ബാധകമാകത്തക്കരീതിയിൽ അത്യാവശ്യമായ കാര്യമാണ്. ഞാൻ ഈ സംഭവം

LIBRARY ARCHIVES Kerala Legislative Assembly